LIBRARY ARCHIVES Kerala Legislative Assembly

മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച്

136 [592] ശ്രീ. മത്തായി ചാക്കോ:
" വി. കെ. ചന്ദ്രൻ:
" എ. സി. മൊയ്തീൻ:
" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചുമാറ്റപ്പെടുന്നതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വനമേഖലയിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റപ്പെടുന്നത് സംബന്ധിച്ചാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്ന് പറയാമോ ;

(സി) ഇതു സംബന്ധിച്ച് കേസുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വനമേഖലയിൽ നിന്ന് മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കൂട്ടുനിന്ന വന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വയനാട്ടിലെ വാളാരംകുന്നിലെ മിച്ചഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനം വകുപ്പിന്റെ കീഴിലുള്ള ഫൈറേഞ്ച് സർക്കിളിൽപ്പെട്ട മറയൂർ, ദേവികുളം, അടിമാലി, നേര്യമംഗലം, തൊടുപുഴ, മുള്ളരിങ്ങാട്, കാളിയാർ, കോതമംഗലം, കണ്ണൂർ സർക്കിളിന്റെ കീഴിൽപ്പെട്ട പേര്യാ, കണ്ണവം, കൊട്ടിയൂർ, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർകോട്, പെരുവണ്ണാമൂഴി, താമരശ്ശേരി, കുറ്റിയാടി, കൽപ്പറ്റ, ചെതലയം, മേപ്പാടി, ഒലവക്കോട് സർക്കിളിലെ നിലമ്പൂർ, എടവണ്ണ, വഴിക്കടവ്, മണ്ണാർക്കാട്, അഗളി, അട്ടപ്പാടി, ഒലവക്കോട്, കാളിയാർ, കരുളായി, തൃശ്ശൂർ സർക്കിളിന്റെ പരിധിയിലുള്ള ചാലക്കുടി, മലയാറ്റൂർ, വാഴച്ചാൽ, തൃശൂർ എന്നീ സ്ഥലങ്ങളിൽ അനധികൃതമായി മരംമുറി നടന്നതിനെ കുറിച്ച് അന്വേഷണം നടത്തിവരുന്നു. കൊല്ലം സർക്കിളിന്റെ പരിധിയിൽപ്പെടുന്ന റാന്നി, ഗുഡ്രിക്കൽ, വടശ്ശേരിക്കര, അഞ്ചൽ, പത്തനാപുരം, ആര്യങ്കാവ്, തെന്മല, അച്ചൻകോവിൽ, കാനയാർ, പാലോട്, പരുത്തിപ്പള്ളി, കുളത്തുപ്പുഴ എന്നീ വനഭാഗങ്ങളിൽ നിന്നും മരങ്ങൾ മുറിച്ചു മാറ്റിയ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 41 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും ഉൾപ്പെടുന്നു.

(ഇ) നോർത്ത് വയനാട് ഡിവിഷനിൽ മാനന്തവാടി റെയിഞ്ചിൽ വെള്ളമുണ്ട സെക്ഷനിലെ വാളാരംകുന്നിലെ മിച്ചഭൂമിയായി ഏറ്റെടുക്കപ്പെട്ടതും എന്നാൽ നിക്ഷിപ്ത വനത്തിന്റെ പരിധിയിൽപ്പെട്ടതുമായ 6.96 ഏക്കർ സ്ഥലത്തെ അനധികൃത മരമുറി സംബന്ധിച്ച് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)